(ബി) താഴെ പറയുന്നവയാണ് ഓരോ വിഭാഗത്തിലേയും സ്റ്റാഫ് പാറ്റേൺ.

അലോപ്പതി	അസിസ്റ്റന്റ് സർജൻ	1
	അക്സിലറി നേഴ്സ് മിഡ്വൈഫ്	1
	ഫാർമസിസ്റ്റ്	1
	നഴ്സിംഗ് അസിസ്റ്റന്റ്	1
	ഹോസ്പിറ്റൽ അറ്റൻഡന്റ് (ഗ്രേഡ് 2)	1
	പാർട്ട് ടൈം സ്വീപ്പർ	1
ആയുർവേദം	മെഡിക്കൽ ഓഫീസർ	1
	ഫാർമസിസ്റ്റ്	1
	അറ്റൻഡർ/അറ്റൻഡന്റ്	1
	പ്യൂൺ/പാർട്ട്ടൈം സ്വീപ്പർ	1
ഹോമിയോപ്പതി	മെഡിക്കൽ ഓഫീസർ	1
	ഫാർമസിസ്റ്റ്/അറ്റൻഡർ/ അറ്റൻഡന്റ്	1
	പാർട്ട് ടൈം സ്വീപ്പർ/പ്യൂൺ സ്വീപ്പർ.കം.പ്യൂൺ/വാച്ചർ. കം.സ്വീപ്പർ	1

(സി) ഇവരുടെ ശമ്പള സ്കെയിലിൽ ചെറിയ വ്യത്യാസമുണ്ട്.

(ഡി, ഇ) ശമ്പളക്കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അംഗീകരിച്ച പുതിയ ശമ്പളസ്കെയിലുകളാണ് ഇപ്പോഴും ഓരോ വിഭാഗത്തിനും നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ വ്യത്യാസം വരുത്താൻ സാദ്ധ്യമല്ല.

കൊക്കോക്കുരുവിന് താങ്ങുവില

945 [1489] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കൊക്കോ കുരുവിന് താങ്ങുവില ഏർപ്പെടുത്താമോ?

ഉത്തരം

ഇപ്പോഴും കൊക്കോക്കുരുവിന് സാമാന്യം നല്ല വില കിട്ടുന്നതുകൊണ്ട് താങ്ങുവില ഏർപ്പെടുത്തേണ്ട ആവശ്യം ഉണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല.

വാളയാർ ഡാം വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ നിവേദനം

946 [1490] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വാളയാർ ഡാം വാട്ടർ യൂസേഴ്സ് അസോസിയേഷൻ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly